**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2741** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; സർക്കാർ അനുമതി ലഭിക്കാത്തതിനാൽ ജീവനക്കാർക്ക് ക്ഷാമബത്ത ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത 7% ൽ നിന്നും 9% മായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 16.03.2024 ലെ സ.ഉ(സാധാ) നം.154/2024/സഹ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാർക്ക് ക്ഷാമബത്ത വിതരണം ചെയ്യേണ്ടത് അതത് സഹകരണ സംഘങ്ങളായിരുന്നിട്ടും ഇതിനായി സർക്കാർ അനുമതി നൽകാത്തതിന്റെ കാരണം അറിയിക്കാമോ; ഇക്കാര്യത്തിൽ നയപരമോ നിയമപരമോ ആയ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ച് 10-05-2011 ലെ സ.ഉ(കൈ) നം.75/2011/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് അനുസൃതമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത അനുവദിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ക്ഷാമബത്ത അനുവദിക്കാൻ നിലവിൽ വ്യവസ്ഥയുള്ളൂ. |
| (സി) | സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്തതിനാൽ സഹകരണ സംഘം ജീവനക്കാർക്ക് കേന്ദ്രം പ്രഖ്യാപിക്കുന്ന മുറയ്ക്ക് തന്നെ ക്ഷാമബത്ത അനുവദിക്കുന്നത് പരിഗണിക്കാമോ; വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ച് 10-05-2011 ലെ സ.ഉ(കൈ) നം.75/2011/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് അനുസൃതമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത അനുവദിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ക്ഷാമബത്ത അനുവദിക്കാൻ നിലവിൽ വ്യവസ്ഥയുള്ളൂ. |
| (ഡി) | സഹകരണ ജീവനക്കാർക്ക് ക്ഷാമബത്ത നൽകേണ്ടി വരുന്നതോടെ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത തകരുന്ന സാഹചര്യമുണ്ടോ; വിശദമാക്കാമോ? | (ഡി) | സഹകരണ ജീവനക്കാർക്ക് ക്ഷാമബത്ത നൽകേണ്ടി വരുന്നതോടെ സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത തകരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ